"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - ലാന്റ് റവന്യൂ എസ്റ്റാബ്ലിഷ്മെന്റ് - കേരള ലാൻഡ് റവന്യൂ മാന്വലിന്റെ ആറാം വാല്യമായ വില്ലേജ് ഓഫീസ് മാന്വൽ അച്ചടിച്ച് വിതരണം ചെയ്യുന്നതിനുതിലേയ്ക്കായി 12,50,000/- രൂപ ചെലവഴിക്കുന്നതിനും കേരള ബുക്സ് ആന്റ് പബ്ളിക്കേഷൻസ് സൊസൈറ്റി (കെ.ബി.പി.എസ്) മുഖേന അച്ചടി നിർവ്വഹിക്കുന്നതിനും അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ(റ്റി)വകുപ്പ്

**സ.ഉ.(കൈ) നം.114/2019/റവ.** തീയതി,തിരുവനന്തപുരം, 28/03/2019

പരാമർശം:- 1 22.01.2019 തീയതിയിലെ സ.ഉ(അച്ചടി)നമ്പർ.10/2019/റവ നമ്പർ സർക്കാർ ഉത്തരവ്

2 ലാൻഡ് റവന്യൂ കമ്മീഷണറുടെ 25.01.2019, 06.02.2019 തീയതികളിലെ എൽ.ആർ.എം3/31902/11 നമ്പർ കത്തുകൾ

**ഉത്തരവ്**

കേരള ലാൻഡ് റവന്യൂ മാന്വലിന്റെ ആറാം വാല്യമായ വില്ലേജ് ഓഫീസ് മാന്വൽ അംഗീകരിച്ച് നടപ്പിൽ വരുത്തിക്കൊണ്ട് പരാമർശം (1)പ്രകാരം ഉത്തരവായിരുന്നു.

കേരളാ പബ്ളിക് സർവീസ് കമ്മിഷൻ 2019 ജനവരി മാസത്തിൽ ഡിപ്പാർട്ട്മെന്റ് ടെസ്റ്റുകൾക്കുള്ള വിജ്ഞാപനം പുറപ്പെടുവിച്ചതായും റവന്യൂ ടെസ്റ്റുകളിൽ വില്ലേജ് ഓഫീസ് മാന്വൽ ഒരു വിഷയം ആയതിനാൽ ടെസ്റ്റിനു മുമ്പായി മാന്വൽ വിപണിയിലിറക്കേണ്ടത് അനിവാര്യമാണെന്നും 7000 പുസ്തകങ്ങൾ അച്ചടിക്കുന്നതിലേക്കായി റവന്യൂ വകുപ്പിന് അനുവദിച്ചിട്ടുള്ളതും ഉപയോഗിക്കാതെ അവശേഷിക്കുന്നതുമായ 2018-19ലെ Plan Scheme ലെ Contigency and Unforeseen Expenses വിഭാഗത്തിലെ 7 4 ലക്ഷം രൂപയിൽ നിന്നും 12,50,000/- രൂപ ചെലവഴിക്കുന്നതിനുള്ള അനുമതിയും കേരള ബുക്സ് ആന്റ് പബ്ളിക്കേഷൻസ് സൊസൈറ്റി മുഖേന കേരള വില്ലേജ് മാന്വലിന്റെ അച്ചടി നിർ വ്വഹിക്കുന്നതിനുള്ള അനുമതിയും നൽകണമെന്ന് പരാമർശം 2 പ്രകാരം ലാൻഡ് റവന്യൂ കമ്മിഷണർ അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2029-00-001-97-PV ശീർഷകം റവന്യൂ വകുപ്പിന്റെ കമ്പ്യൂട്ടറൈസേഷനു വേണ്ടിയിട്ടുള്ളതായതിനാൽ റവ്ന്യൂ മാന്വൽ അച്ചടിക്കൽ എന്ന ഘടകം 2018-19 ലെ വാർഷിക പദ്ധതിയിൽ ഒരു ഘടകമായി ഉൾപ്പെടുത്തിയിട്ടില്ലെങ്കിലും സാമ്പത്തികവർഷം അവസാനിക്കാറായതിനാലും, പ്രസ്തുത ശീർഷകത്തിൽ ബാക്കി തുക ഉള്ളതിനാലും പരാമർശം (1) പ്രകാരം അംഗീകരിച്ച് നടപ്പിൽ വരുത്തിയിട്ടുള്ള ലാൻഡ് റവന്യൂ മാന്വലിന്റെ ആറാം വാല്യമായ വില്ലേജ് ഓഫീസ് മാന്വൽ അച്ചടിച്ച് വിതരണം ചെയ്യുന്നതിലേയ്ക്കായി പ്രസ്തുത ശീർഷകത്തിൽ നിന്ന് 12,50,000/- രൂപ (പന്ത്രണ്ട് ലക്ഷത്തി അൻപതിനായിരം രൂപ) ചെലവഴിക്കുന്നതിനും കേരള ബുക്സ് ആന്റ് പബ്ളിക്കേഷൻസ് സൊസൈറ്റി (കെ.ബി.പി.എസ്) മുഖേന കേരള വില്ലേജ് മാന്വലിന്റെ അച്ചടി നിർവ്വഹിക്കുന്നതിനും അനുമതി നൽകിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**അശോക് കുമാർ കെ**

**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം)

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം.

Scanned by CamScanner

എല്ലാ ജില്ലാ കളക്ടർമാർക്കും
ഡയറക്ടർ, കേരള ബുക്ക് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റി
അക്കൗണ്ടന്റ് ജനറൽ (A&E, Audit), കേരള , തിരുവനന്തപുരം
ധനകാര്യ വകുപ്പ് (15.02.19, 27.03.2019 തീയതികളിലെ Ex-B3/34/2019-Fin പ്രകാരം)
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് (15.03.2019 തീയതിയിലെ PLGEA-A2/30/2019-PLGEA പ്രകാരം)
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്.
വെബ്&ന്യൂ മീഡിയ ( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

Scanned by CamScanner